# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4332 17.12.2014 -ൽ മറുപടിക്ക്

## രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം ആരോഗ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>,, കെ. അജിത് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം എന്ന ആരോഗ്യ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കൗമാരാരോഗ്യ പദ്ധതിയാണ് രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം (RKSK). കൗമാരാരോഗ്യ പദ്ധതിയുടെയും ക്ലിനിക്കിന്റേയും സംസ്ഥാനതല ഉദ്ഘാടനം വടക്കാഞ്ചേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ 01.08.2014 -ന് നടത്തുകയുണ്ടായി.<br>ഈ പദ്ധതിയിലൂടെ കൗമാരാരോഗ്യ സേവനങ്ങൾ നടപ്പിലാക്കുകയും, അതുവഴി കൗമാരക്കാരുടെ ആരോഗ്യവും, മനഃശാസ്ത്രപരവുമായ വികസനം സാദ്ധ്യമാക്കുവാനും ലക്ഷ്യമിടുന്നു. കൗമാരക്കാരുടെ പോഷണം, മാനസികാരോഗ്യം, പ്രജനനാരോഗ്യം, ലഹരി വസ്തുക്കളുടെ ഉപയോഗനിയന്ത്രണം എന്നിവയാണ് ഈ പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. കൗമാര പങ്കാളിത്തം, നേതൃത്വപാടവം, സമത്വം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന തത്ത്വങ്ങൾ. നിലവിൽ ആരോഗ്യ സ്ഥാപനങ്ങൾ മുഖാന്തിരം ഇത്തരക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇവരോട് പ്രത്യേകമായ വിഷയങ്ങളിൽ ആശയവിനിമയം നടത്തുന്നതിനും കൗൺസിലിംഗ് നടത്തുന്നതിനുമായി ആരോഗ്യ വകുപ്പ് ജില്ലാതലത്തിൽ നടത്തിവരുന്ന കൗമാരാരോഗ്യ ക്ലിനിക്കുകൾ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലേക്കും തുടർന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഇതിലൂടെ പദ്ധതിയിട്ടിരിക്കുന്നു. കൗമാര പ്രായക്കാരിൽ നിന്നും സമസംഘവോളണ്ടിയർമാരെ കണ്ടെത്തുവാനും, |

(.....2)

അവർക്ക് ആവശ്യമായ പരിശീലനം നൽകി അവരിലൂടെ കൗമാരാരോഗ്യ മേഖലയിൽ ക്രിയാത്മകമായി ഇടപെടുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുവരെ എത്ര സഹായം ലഭിച്ചു ; എത്ര ചെലവഴിച്ചു ;

(ബി) രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം (RKSK) പദ്ധതിയ്ക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ട്. ഇതുവരെ 35,25,100/- രൂപ (മുപ്പത്തിയഞ്ചു ലക്ഷത്തി ഇരുപത്തയ്യായിരത്തി ഒരുനൂറു രൂപ മാത്രം) സഹായം ലഭിച്ചു. ആർ.കെ.എസ്.കെ./കൗമാര ആരോഗ്യ പദ്ധതിയ്ക്ക് നാളിതുവരെ 12.25 ലക്ഷം രൂപ (33%) ചെലവഴിച്ചിട്ടുണ്ട്.

(സി) ഗർഭാവസ്ഥ മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ലെന്നുള്ള പരാതി പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK), സംസ്ഥാന ഗവൺമെന്റിന്റെ ആരോഗ്യകിരണം പദ്ധതികളുടെ സഹായത്തോടെ ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ എല്ലാ അസുഖങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്നുണ്ട്.

ആശുപത്രിയിൽ വരുന്ന രോഗികൾ ഏത് ആനുകൂല്യത്തിനാണ് അർഹത എന്ന നിലയിൽ തരം തിരിക്കപ്പെടുന്നു (ജെ.എസ്.എസ്.കെ, ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ്, കാരുണ്യ, താലോലം, ക്യാൻസർ സുരക്ഷ). ചികിത്സാ ചെലവിന്റെ തരം അനുസരിച്ച് അനുയോജ്യമായ സ്രോതസ്സിൽ നിന്നും ഇവരുടെ എല്ലാ ചികിത്സാ ചെലവുകളും ആശുപത്രി വഹിക്കുന്നു. രോഗികൾക്കുള്ള മരുന്നുകൾ ആശുപത്രിയിൽ ലഭ്യമാണ് എന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഏതെങ്കിലും ലാബ് പരിശോധനകളോ/മരുന്നുകളോ അതാത് ആശുപത്രികളിൽ ഇല്ലാത്ത പക്ഷം അവ ആർ.എസ്.ബി.വൈ/ജെ.എസ്.എസ്.കെ. പദ്ധതിയിൽ എംപാനൽ ചെയ്ത ലാബുകൾ/ മരുന്നു കടകൾ എന്നിവയിലൂടെ ലഭ്യമായി വരുന്നു.

(ഡി) ഇതിനകം ഈ പദ്ധതിയുടെ ആനുകൂല്യം എത്ര കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(ഡി) ആരോഗ്യകിരണം പദ്ധതി ആരംഭിച്ചത് മുതൽ 2014 ഒക്ടോബർ മാസം വരെ 27,66,640 -ത്തോളം കുട്ടികൾക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കിയിട്ടുണ്ട്.

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം , പദ്ധതിയുടെ ഗുണഫലം 3,18,009 കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ